ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. കെ.പി.എ. മജീദ് :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരു-കൊച്ചി മെഡിക്കൽ കൗൺസിൽ ആക്ട് മലബാർ പ്രദേശത്തും ബാധകമാക്കാൻ ഭേദഗതി ചെയ്ത് നിയമം കൊണ്ടുവരണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തൊട്ടാകെ ബാധകമാകത്തക്കവിധത്തിൽ ഒരു ഏകീകൃത മെഡിക്കൽ നിയമം കൊണ്ടുവരുന്നകാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കരട് ബിൽ കേന്ദ്രഗവൺമെന്റിന് അംഗീകാരത്തിനായി അയച്ചിരുന്നു. അതിൻമേലുള്ള കേന്ദ്രഗവൺമെന്റ് നിർദ്ദേശങ്ങൾ പരിശോധനയിലാണ്.

150 (1510) ആയുർവേദത്തിൽ അംഗീകൃത യോഗ്യത നേടിയവർ

ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദത്തിൽ അംഗീകൃത യോഗ്യത നേടിയവർക്ക് മാത്രമെ രജിസ്ട്രേഷൻ അനുവദിക്കാവൂ എന്നും അതിനുവേണ്ടി 1970 ലെ കേന്ദ്ര ആയുർവേദ നിയമത്തിന് അനുസരിച്ച് തിരുകൊച്ചി മെഡിക്കൽ കൗൺസിൽ ആക്ട് ഭേദഗതി ചെയ്യണമെന്നും ആവശ്യപ്പെട്ട് കേന്ദ്രസർക്കാർ സംസ്ഥാന സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) കേരളത്തിൽ ഒട്ടാകെ ബാധകമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് തയ്യാറാക്കിയ കേരളാ മെഡിക്കൽ പ്രാക്ടീഷനേഴ്സ് ബില്ലിന്റെ കരട് കേന്ദ്ര സർക്കാരിന്റെ അനുമതിയ്ക്കായി അയച്ചിരുന്നു. കരട് ബില്ലിലെ ചില വ്യവസ്ഥകൾ ഭേദഗതി ചെയ്ത് തിരികെ അയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് ലഭിച്ചിട്ടുണ്ട്. ഇതിൻമേൽ നിയമവകുപ്പുമായി ബന്ധപ്പെട്ട് നടപടിയെടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly